# കേരള സർവകലാശാല

നം.പി.ആർ.215/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ്

നവംബർ 1 മുതൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 8 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 10 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കെ.എൻ.എം ഗവൺമെന്റ് കോളേജ് കാഞ്ഞിരംകുളം, പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രം എന്നിവിടങ്ങളിൽ ഒക്ടോബർ 23 മുതൽ നവംബർ 5 വരെ നടത്തുന്ന CLISC പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 8 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും 250 രൂപ പിഴയോടെ ഒക്ടോബർ 17 വരെയും അപേക്ഷിക്കാം. പ്രോജക്ട് റിപ്പോർട്ട് പിഴ കൂടാതെ ഒക്ടോബർ 15 വരെയും 100 രൂപ പിഴയോടെ ഒക്ടോബർ 21 വരെയും അതത് കേന്ദ്രങ്ങളിൽ സമർപ്പിക്കാം. പരീക്ഷാഫീസ് 1170 രൂപ. ഫോൺനമ്പർ: 0471 – 2302523.

### എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഒപ്റ്റോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി ഒഴിവുള്ള മൂന്ന് സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 3 ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള സർവകലാശാലയുടെ ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2308167 എന്ന നമ്പറുമായി ബന്ധപ്പെടുക.

### പി.ജി പ്രവേശനം 2018 മാനേജ്മെന്റ് ക്വാട്ട ലിങ്ക്

2018 – 19 അദ്ധ്യയന വർഷത്തിലെ പി.ജി പ്രവേശനത്തിനുള്ള മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷനുള്ള ലിങ്ക് വെബ്സൈറ്റിൽ ലഭ്യമാണ്. ഒരു പ്രാവശ്യം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും രജിസ്ട്രേഷൻ നടത്തേണ്ടതില്ല. ആദ്യത്തെ ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് തന്നെ മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിനും ഉപയോഗിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു ഓൺലൈൻ രജിസ്ട്രേഷൻ മതിയാകുന്നതാണ്.

# <u>പ്രാക്ടിക്കൽ പരീക്ഷ</u>

2018 ആഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2018 ഒക്ടോബർ 8, 10, 11 തീയതികളിൽ നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
29.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098